തയ്യാറാക്കുന്നുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് മുൻഗണന നൽകുന്നതിനായി മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ എന്നതിൽ കുളങ്ങൾ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴംകൂട്ടൽ എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്നുണ്ട്.

(ബി) മഴവെള്ള സംഭരണി നിർമ്മാണത്തിന് 100 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ വാല്യൂവേഷൻ എസ്റ്റിമേറ്റ് പ്രകാരം 75% തുക പരമാവധി 10,000 രൂപ സബ്സിഡി നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ അനുമതി ലഭിക്കാത്ത വീട് നിർമ്മാണ അപേക്ഷകൾ

232 (3210) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽപ്പെടുന്ന എന്ന കാരണത്താൽ വീട്ടുനമ്പർ ലഭിക്കുന്നതിനും വീട് നിർമ്മിക്കുന്നതിനും അപേക്ഷ നൽകിയിട്ടും ഇതുവരെ അനുമതി ലഭിക്കാത്തവരായി എത്ര അപേക്ഷകരാണ് വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) 2013-14 കാലയളവിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി വിവിധ പഞ്ചായത്തുകളിൽ എത്ര അപേക്ഷ ലഭിച്ചുവെന്നും എത്രയെണ്ണത്തിന്മേൽ പഞ്ചായത്ത് തലത്തിൽ അനുമതി നൽകിയെന്നും വ്യക്തമാക്കാമോ ;

(സി) മേൽ കാലയളവിൽ എത്ര അപേക്ഷകളാണ് കെ.സി.ഇസഡ്.എം.എ.-യ്ക്ക് സമർപ്പിച്ചതെന്നും എത്ര അപേക്ഷകളിൽ അനുകൂല തീരുമാനമുണ്ടായി എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 981 അപേക്ഷകരാണ് വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഉള്ളത്.

(ബി) 1265 അപേക്ഷകൾ ലഭിച്ചതിൽ 725 അപേക്ഷകൾക്ക് പഞ്ചായത്ത് തലത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(സി) 419 അപേക്ഷകളാണ് കേരള കോസ്റ്റൽസോൺ മാനേജ്മെന്റ് അതോറിറ്റിക്ക് (KCZMA) സമർപ്പിച്ചിട്ടുള്ളത്. ആയതിൽ 79 എണ്ണത്തിന് അനുകൂല തീരുമാനം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly